ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 01.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

01.) വികസിത ഭാരതം ലക്ഷ്യമിട്ടുള്ള കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. കൃഷി, എംഎസ്എംഇ, നിക്ഷേപം, കയറ്റുമതി ഉൾപ്പെടെ 10 മേഖലകൾക്ക് പ്രത്യേക പരിഗണന.

**Finance Minister Nirmala Sitharaman presented the Union Budget in Parliament aimed at a developed India. Special consideration for 10 sectors including agriculture, MSME, investment and exports.**

02.) ഭക്ഷ്യ ധാന്യ രംഗത്ത് സ്വയം പര്യാപ്തത ഉറപ്പാക്കാൻ ആറ് വർഷം നീളുന്ന പരിപാടി. കിസാൻ ക്രെഡിറ്റ് കാർഡിന്റെ വായ്പാ പരിധി അഞ്ച് ലക്ഷമായി ഉയർത്തും. ജൽ ജീവൻ മിഷൻ പദ്ധതി 2028 വരെ നീട്ടി.

**A six-year programme to ensure self-sufficiency in food grains. The loan limit of Kisan Credit Card will be increased to five lakhs. The Jal Jeevan Mission scheme has been extended till 2028.**

03.) 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് ആദായ നികുതി ഒഴിവാക്കി. അവശ്യ മരുന്നുകൾക്കും ഇലക്ട്രിക് വാഹനങ്ങൾക്കും മൊബൈൽ ഫോണിനും വില കുറയും.

**Income tax has been waived for those with an annual income of up to Rs 12 lakh. The prices of essential medicines, electric vehicles and mobile phones will be reduced.**

**04.) ജനങ്ങളുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കാനുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിജ്ഞാബദ്ധത വ്യക്തമാക്കുന്ന ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇടത്തരക്കാർക്കും യുവജനങ്ങൾക്കുമായി യാതൊരു പ്രഖ്യാപനവുമില്ലെന്ന് പ്രതിപക്ഷം.**

**Prime Minister Narendra Modi said that the budget shows the commitment of the central government to fulfill the aspirations of the people. The opposition said that there is no announcement for the middle class and the youth.**

**05.) 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്ന് മൂന്ന് സ്വർണ്ണം.**

**Kerala won three gold medals today at the 38th National Games.**

***********************************

## BUDGET GENERAL

രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയും, സമഗ്ര വികസനവും ലക്ഷ്യമിടുന്ന കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. കാർഷികമേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്ന ബജറ്റ് യുവജനങ്ങളുടെയും വനിതകളുടെയും മധ്യവർഗ്ഗത്തിൻറെയും ക്ഷേമം ലക്ഷ്യമിടുന്നു. വികസിത ഭാരതത്തിനായി 10 മേഖലകൾ കേന്ദ്രീകരിച്ചുള്ള സമൂല വികസനമാണ് ബജറ്റ് മുന്നോട്ട് വയ്ക്കുന്നത്. അടുത്ത അഞ്ച് വർഷം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷമാണുള്ളതെന്ന് ധനമന്ത്രി വ്യക്തമാക്കി. നികുതി, നഗരവികസനം, ഖനനം, സാമ്പത്തിക മേഖല, ഊർജ്ജം, നിയന്ത്രണ സംവിധാനങ്ങൾ എന്നിങ്ങനെ പ്രധാനപ്പെട്ട ആറ് മേഖലകളിലെ പരിഷ്കരണമാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

***********************************

## BUDGET AGRICULTURE… INTRO

കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് പ്രത്യേക പ്രാധാന്യമാണ് കേന്ദ്ര ബജറ്റ് നൽകുന്നത്. കിസാൻ ക്രെഡിറ്റ് കാർഡിന്റെ വായ്പാ പരിധി മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷമായി ഉയർത്തും. കുറഞ്ഞ വിളവ് ലഭിക്കുന്ന 100 ജില്ലകളിൽ പി.എം ധൻ ധാന്യ കൃഷി യോജന നടപ്പാക്കുമെന്ന് ധനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

ഭക്ഷ്യ ധാന്യ രംഗത്ത് സ്വയം പര്യാപ്തത ഉറപ്പാക്കാൻ ആറ് വർഷം നീളുന്ന പരിപാടിക്ക് തുടക്കം കുറിക്കും. പഴം-പച്ചക്കറി ഉത്പാദനം വർധിപ്പിക്കാനുള്ള സമഗ്ര പദ്ധതിക്കും അത്യുത്പാദനശേഷിയുള്ള വിത്തുകൾ വികസിപ്പിക്കാൻ പ്രത്യേക ദൗത്യത്തിനും തുടക്കം കുറിക്കും.

*******************************************

## BUDGET - MSME

സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും ബജറ്റിൽ പ്രത്യേക പരിഗണന. ചെറുകിട സംരംഭങ്ങൾക്ക് 5 ലക്ഷം രൂപാ പരിധിയിൽ പ്രത്യേക ക്രെഡിറ്റ് കാർഡുകൾ കൊണ്ടുവരും. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കയറ്റുമതി അധിഷ്ഠിത എംഎസ്എംഇകൾക്ക് 20 കോടി രൂപ വരെ വായ്പ ഉറപ്പുവരുത്തും. എംഎസ്എംഇ സംരംഭങ്ങൾക്കായുള്ള നിക്ഷേപ പരിധി രണ്ടര മടങ്ങാക്കാനും, വിറ്റുവരവ് പരിധി ഇരട്ടിയാക്കാനും നിർദേശമുണ്ട്. പട്ടികജാതി - പട്ടിക വർഗ വിഭാഗത്തിൽ നിന്നും ആദ്യമായി സംരംഭകരാകുന്ന വനിതകൾക്കായി അടുത്ത 5 വർഷത്തിൽ 2 കോടി രൂപ വരെ ലഭിക്കുന്ന വായ്പാ പദ്ധതി ആവിഷ്കരിക്കും. സ്റ്റാർട്ടപ്

മേഖലയ്ക്കായുള്ള ബജറ്റ് വിഹിതം 10,000 കോടി രൂപ കൂടി വർധിപ്പിച്ചു.

***************************************

## BUDGET INFRASTRUCTURE

അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനങ്ങൾക്ക് 50 വർഷത്തെ പലിശ രഹിത വായ്പ ലഭ്യമാക്കുന്നതിന് 1.5 ലക്ഷം കോടി രൂപ ബജറ്റിൽ വകയിരുത്തിയതായി ധനമന്ത്രി പറഞ്ഞു. ബാങ്കിംഗ് സാധ്യതയുള്ള പദ്ധതികൾക്ക്, 25 ശതമാനം വരെ ധനസഹായം നൽകുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചലഞ്ച് ഫണ്ട് സ്ഥാപിക്കും. ജൽ ജീവൻ മിഷനുള്ള ബജറ്റ് വിഹിതം വർധിപ്പിച്ചതിലൂടെ പദ്ധതിയുടെ സമ്പൂർണമായ നടപ്പാക്കൽ ഉറപ്പുവരുത്തും. പദ്ധതി 2028 വരെ നീട്ടിയതായും ധനമന്ത്രി അറിയിച്ചു. ഉഡാൻ പദ്ധതിയിലൂടെ അടുത്ത 10 വർഷത്തിനുള്ളിൽ 100 ചെറുവിമാനത്താവളങ്ങൾ നിർമ്മിക്കും.

***************************************

## BUDGET DIRECT TAX.. INTRO

പുതിയ നികുതി സംവിധാനത്തിനു കീഴിൽ, 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് ആദായ നികുതി ഒഴിവാക്കി. ശമ്പളം കൈപ്പറ്റുന്ന ജീവനക്കാർക്ക് 12.75 ലക്ഷം വരെ വാർഷിക വരുമാനത്തിന് ആദായനികുതി ഒഴിവാക്കി.

(ഹോൾഡ് വോയ്സ്)

പുതുക്കിയ ആദായനികുതി നിരക്കുകൾ പ്രകാരം നാല് ലക്ഷം വരെ - ആദായനികുതി ഇല്ല.

നാല് മുതൽ 8 ലക്ഷം വരെ - അഞ്ച് ശതമാനം

8 മുതൽ 12 ലക്ഷം വരെ - 10 ശതമാനം

12 മുതൽ 16 ലക്ഷം വരെ - 15 ശതമാനം

16 മുതൽ 20 ലക്ഷം വരെ - 20 ശതമാനം

20 മുതൽ 24 ലക്ഷം വരെ - 25 ശതമാനം ,

24 ലക്ഷത്തിന് മുകളിൽ 30 ശതമാനവുമാണ് ആദായനികുതി.

*********************************************

## BUDGET– EDUCATION

വിദ്യാഭ്യാസമേഖലയ്ക്കായി പ്രത്യേക പദ്ധതികളാണ് ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത്. A.I വികസനത്തിനായി 500 കോടി രൂപ വകയിരുത്തി. ഇതിനായി മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. മെയ്ക്ക് ഇൻ ഇന്ത്യയിലൂടെ സ്കൂളുകളിൽ അൻപതിനായിരം അടൽ ടിങ്കറിങ് ലാബുകൾ ആരംഭിക്കും. ഭാരത്നെറ്റ് പദ്ധതിയുടെ കീഴിൽ ഗ്രാമപ്രദേശങ്ങളിലെ എല്ലാ സർക്കാർ സെക്കൻഡറി സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കും. സ്കൂളുകൾക്കും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും ഇന്ത്യൻ ഭാഷാ പുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ നൽകുന്നതിന് ഭാരതീയ ഭാഷാ പുസ്തക പദ്ധതി പ്രഖ്യാപിച്ചു. 2014 ന് ശേഷം പ്രവർത്തനമാരംഭിച്ച 5 ഐഐടികളിൽ അധിക അടിസ്ഥാന സൗകര്യങ്ങളൊരുക്കി 6,500 വിദ്യാർത്ഥികൾക്കുകൂടി പഠനം സാധ്യമാക്കും. നൈപുണ്യ വികസനത്തിനായി ദേശീയതലത്തിൽ അഞ്ച് മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കും. മെഡിക്കൽ വിദ്യാഭ്യാസത്തിന് 10,000 അധിക സീറ്റ് അനുവദിക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

*********************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

***********************************

## BUDGET ESTIMATES

34.96 ലക്ഷം കോടി രൂപ വായ്പ ഇതര വരുമാനവും 50.65 ലക്ഷം കോടി രൂപ ചിലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് ധനമന്ത്രി ഇന്ന് അവതരിപ്പിച്ചത്. ധനക്കമ്മി 4.4 ശതമാനത്തിൽ നിലനിർത്തുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റും, ധനമന്ത്രിയെന്ന നിലയിൽ തന്റെ എട്ടാമത്തെ ബജറ്റുമാണ് ശ്രീമതി നിർമല സീതാരാമൻ അവതരിപ്പിച്ചത്. ബജറ്റ് അവതരണത്തിന് ശേഷം പാർലമെന്റ് ഇന്നത്തേക്ക് പിരിഞ്ഞു. പാർലമെന്റിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച തിങ്കളാഴ്ച നടക്കും.

***********************************

## FM – PRESS MEET... (INTRO)

വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന നിരവധി പ്രഖ്യാപനങ്ങൾ അടങ്ങിയതാണ് 2025 ലെ കേന്ദ്ര ബജറ്റെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ. വികസിത ഭാരതത്തിനായി സമ്പദ്ഘടനയെ എങ്ങനെ രൂപപ്പെടുത്താമെന്ന് ബജറ്റ് വ്യക്തമാക്കുന്നതായി അവതരണത്തിന് ശേഷം നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു. ആദായ നികുതി ഘടന ലളിതമാക്കുന്ന നടപടികൾ പൂർത്തിയായതായും പുതിയ ആദായനികുതി ബിൽ അടുത്തയാഴ്ച പാർലമെന്റിൽ അവതരിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

(വോയ്സ്)

പൊതു സമൂഹത്തിൻറെ ആവശ്യങ്ങളോട് അനുഭാവ പൂർവ്വമായ നിലപാടാണ് നരേന്ദ്രമോദി സർക്കാരിനുള്ള തെന്നും ശ്രീമതി നിർമലാ സീതാരാമൻ വ്യക്തമാക്കി.

************************************

## PRICE RISE – BUDGET

അവശ്യ മരുന്നുകൾ, മൊബൈൽ ഫോണുകൾ, ഇലക്ട്രിക് ഉപകരണങ്ങൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയ്ക്ക് വില കുറയും. ജാക്കറ്റ്, ഷൂസ്, ബെൽറ്റ്, പേഴ്സ്, മത്സ്യോത്പന്നങ്ങൾ എന്നിവയുടെയും വില കുറയും. അതേസമയം ഫ്ലാറ്റ് സ്ക്രീൻ ടി വി, നെയ്ത്തുല്പന്നങ്ങൾ എന്നിവയുടെ വില ഉയരും.

************************************

## MEDICINE – INTRO

ക്യാൻസർ ഉൾപ്പെടെയുള്ള ഗുരുതര രോഗബാധിതർക്ക് ആശ്വാസമായി 36 ജീവൻ രക്ഷാ മരുന്നുകൾക്ക് കൂടി കസ്റ്റംസ് തീരുവ പൂർണ്ണമായും ഒഴിവാക്കുമെന്ന് ധനമന്ത്രി. ഫാർമസ്യൂട്ടിക്കൽ കമ്പനികൾ നടത്തുന്ന രോഗി സഹായ പദ്ധതികൾക്ക് കീഴിലുള്ള മരുന്നുകൾ, അവ രോഗികൾക്ക് സൗജന്യമായി നൽകുമെങ്കിൽ, തീരുവയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുമെന്നും ധനമന്ത്രി വ്യക്തമാക്കി.

(വോയ്സ്)

************************************

## BUDGET REACTIONS- 1

140 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കാനുള്ള കേന്ദ്ര സർക്കാരിൻറെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ് 2025-26ലെ കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എല്ലാ വിഭാഗങ്ങളേയും ബജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ടെന്നും സ്വയം പര്യാപ്ത ഇന്ത്യയിലേക്കുള്ള ചൂണ്ടുപലകയാണ് ഈ ബജറ്റെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ പ്രതികരിച്ചു. അതേസമയം, ബജറ്റിൽ ഇടത്തരക്കാർക്കും യുവാക്കൾക്കുമായി ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മാതൃകാപരമായ മാറ്റങ്ങളായിരുന്നു ബജറ്റിൽ കൊണ്ടുവരേണ്ടിയിരുന്നതെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു. ജനങ്ങളെ കബളിപ്പിക്കാനുള്ള ശ്രമമാണ് കേന്ദ്ര ബജറ്റെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ പ്രതികരിച്ചു.

***********************************

## BUDGET - SPECIAL PROGRAMME

കേന്ദ്ര ബജറ്റുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി വാർത്തകൾക്ക് ശേഷം കേൾക്കാം.

***********************************

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്ന് മൂന്ന് സ്വർണ്ണം. നീന്തലിൽ സജൻ പ്രകാശും, ഹർഷിത ജയറാമും, വുഷുവിൽ കെ മുഹമ്മദ് ജാസിലും ആണ് ഇന്ന് സ്വർണം നേടിയത്. ഇതോടെ 5 സ്വർണം ഉൾപ്പെടെ

9 മെഡലുകളുമായി ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം.

************************************

## BUDGET REACTIONS– KERALA

കേരളത്തിൻറെ പ്രധാന ആവശ്യങ്ങളെയാകെ കേന്ദ്ര ബജറ്റ് നിരാകരിച്ചതായും ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട്, വിഴിഞ്ഞം എന്നിവ ബജറ്റ് പരിഗണിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ബജറ്റ് കേരളത്തിന് നിരാശജനകമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. ബജറ്റിൽ കേരളത്തിന് ന്യായമായ പരിഗണന പോലും ലഭിച്ചില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. കേന്ദ്ര ബജറ്റിൻറെ ഏറ്റവും വലിയ ഗുണഭോക്താവാണ് കേരളമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പ്രതികരിച്ചു.

**********************************************************